## പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IX
# (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

## 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2017 മേയ് 23-ാം തീയതി സമർപ്പിച്ചത്
(Presented on 23rd May, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IX
# (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

**2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

722/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)
## (2016-2018)

### ഘടന

<u>ചെയർമാൻ :</u>

ഡോ. കെ. ടി. ജലീൽ,
തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം :</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. കെ. ബാബു

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. പി. വി. അൻവർ

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ചെയർമാനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2016 സെപ്റ്റംബർ മാസം 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൽ, സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും സ്വീകരിച്ച നടപടികളും രണ്ടാം ഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ചേർത്തിരിക്കുന്നു.

2017 മേയ് 18-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഡോ. കെ. ടി. ജലീൽ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2017 മേയ്, 18.

# റിപ്പോർട്ട്

2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും.

## ധനാഭ്യർത്ഥന നമ്പർ XXI—ഭവനനിർമ്മാണം

### ശിപാർശ

6216-80-201-99(06)—വർക്കിംഗ് ക്യാപിറ്റൽ—പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന്

പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് 50,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

### സർക്കാർ സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പ് ഫണ്ട് അനുവദിച്ച് നൽകിയിട്ടില്ല. [ഭവന നിർമ്മാണ (എ) വകുപ്പിന്റെ 12-4-2017-ലെ HSG-A3/13/17/HSG നമ്പർ കത്ത്.]

### ശിപാർശ

റീഹാബിറ്റേഷൻ പ്രോജക്ട് കോഴിക്കോട് ബംഗ്ലാദേശ് കോളനി (ഫേസ് II)

റീഹാബിറ്റേഷൻ പ്രോജക്ട് കോഴിക്കോട് ബംഗ്ലാദേശ് കോളനി (ഫേസ് II) എന്ന പദ്ധതിക്കായി ബജറ്റിൽ വിഹിതം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ പദ്ധതിക്കായി ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 2500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

### സർക്കാർ സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പ് ഫണ്ട് അനുവദിച്ച് നൽകിയിട്ടില്ല. [ഭവന നിർമ്മാണ (എ) വകുപ്പിന്റെ 12-4-2017-ലെ HSG-A3/13/17/HSG നമ്പർ കത്ത്.]

### ശിപാർശ

2216-80-201-96—ഹരിപ്പാട് റവന്യൂ ടവർ

*പദ്ധതി ചെലവായ 1992 ലക്ഷം രൂപയിൽ നബാർഡിൽനിന്നും വായ്പയായി ലഭിക്കുന്ന 1707.30 ലക്ഷം രൂപ കിഴിച്ച് ബാക്കി തുകയായ 2,84,70,000 രൂപ* മേൽശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

*(ഖണ്ഡിക 59)*

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഹരിപ്പാട് റവന്യൂ ടവറിന്റെ നിർമ്മാണത്തിനായി 6216-80-201-96 (01) എന്ന ശീർഷകത്തിൽനിന്നും സ്റ്റേറ്റ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി 100 ലക്ഷം രൂപയും, 6216-80-201-96 (02) എന്ന ശീർഷകത്തിൽനിന്നും 291.21 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 391.21 ലക്ഷം രൂപ RIDF സഹായമായി ഹൗസിംഗ് ബോർഡിന് ഇതുവരെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ പുരോഗതി അനുസരിച്ച് ചെലവ് തുകയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന റീ-ഇംബേഴ്സ്മെന്റ് ക്ലെയിമിന്മേൽ നബാർഡിൽ നിന്നും വായ്പ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക 6216-80-201-96 (02) എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2216-80-201-96 എന്ന ശീർഷകം നബാർഡ് ധനസഹായവുമായി ബന്ധപ്പെട്ടതല്ല. [ധനകാര്യ (നോഡൽ സെന്റർ-എ) വകുപ്പിന്റെ E-943/08/എൻ.സി.എ 1/2016/ധന. നമ്പർ കത്ത്.]

<u>ശിപാർശ</u>

2216-80-103-99-38—<u>ട്രെയിനിംഗ് പദ്ധതി</u>

ഇ-ഓഫീസ് പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിന് 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനകാര്യ വകുപ്പ് ഫണ്ട് അനുവദിച്ച് നൽകിയിട്ടില്ല. [ഭവന നിർമ്മാണ (എ) വകുപ്പിന്റെ 12-4-2017-ലെ HSG-A3/13/17/HSG നമ്പർ കത്ത്]

**ധനാഭ്യർത്ഥന XXV— ന്യൂനപക്ഷക്ഷേമം**

<u>ശിപാർശ</u>

2225-04-001-99-04-1—<u>യാത്രാബത്ത</u>

നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് അധികതുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിന് ധന വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. [പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ 7-4-2017-ലെ 2756/എം.ഡബ്ല്യു1/2016/പൊ.ഭ.വ. നമ്പർ കത്ത്.]

ശിപാർശ

06—വാടക, കരം, നികുതി

മിക്ക പരിശീലന കേന്ദ്രങ്ങളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വാടക, കരം, നികുതി എന്ന ഇനങ്ങളിൽ നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് അധികതുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിന് ധന വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. [പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ 7-4-2017-ലെ 2756/എം.ഡബ്ല്യു1/2016/പൊ.ഭ.വ. നമ്പർ കത്ത്.]

ശിപാർശ

12— സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

സ്കോളർഷിപ്പുകൾക്കും സ്റ്റൈപ്പന്റുകൾക്കും അപേക്ഷിക്കുവാനുള്ള വരുമാനപരിധി ഉയർത്തിയതിനാൽ മുൻവർഷത്തെക്കാൾ കൂടുതൽ അപേക്ഷകർ ഉണ്ടാകാൻ സാധ്യതയുള്ളതായി സമിതി മനസിലാക്കുന്നു. ആയതിലേക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേക്ക് 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും കേന്ദ്രഫണ്ട് വിദ്യാഭ്യാസ വകുപ്പുവഴി നൽകുന്നതിന് പകരം ന്യൂനപക്ഷ ക്ഷേമ വകുപ്പുവഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് അധികതുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിന് ധന വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. [പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ 7-4-2017-ലെ 2756/എം.ഡബ്ല്യു.1/2016/പൊ.ഭ.വ. നമ്പർ കത്ത്.]

<u>ശിപാർശ</u>

21-2— <u>മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വാഹനങ്ങളുടെ പഴക്കം അനുസരിച്ച് അറ്റകുറ്റപ്പണികൾ കൂടി വരുന്നതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് അധിക തുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിന് ധന വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. [പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ 7-4-2017-ലെ 2756/എം.ഡബ്ല്യു.1/2016/പൊ.ഭ.വ. നമ്പർ കത്ത്.]

<u>ശിപാർശ</u>

99— <u>വിവരസാങ്കേതികവിദ്യ</u>

ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിലുള്ള സ്കൂളുകളിൽ വെർച്വൽ ക്ലാസ് മുറികൾ ആരംഭിക്കാൻ സാധ്യതയുള്ളതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് അധിക തുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിന് ധന വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. [പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ 7-4-2017-ലെ 2756/എം.ഡബ്ല്യു.1/2016/പൊ.ഭ.വ. നമ്പർ കത്ത്.]

ശിപാർശ

2225-04-800-98—മദ്രസ്സ അദ്ധ്യാപകർക്കുള്ള ക്ഷേമനിധി നിക്ഷേപത്തിൻമേൽ പലിശ നഷ്ടത്തിനുള്ള നഷ്ടപരിഹാരം

മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലേക്ക് കോർപ്പസ് ഫണ്ട് ഇനത്തിൽ സർക്കാർ നല്കിയ 10 കോടി രൂപ കോഴിക്കോട് ജില്ലാ ട്രഷറിയിൽ പലിശരഹിത അക്കൗണ്ടിലേക്ക് മാറ്റിയതിനാൽ പലിശ ഇനത്തിൽ നഷ്ടമാകുന്ന തുകയ്ക്ക് ആനുപാതികമായ തുക സർക്കാർ ഗ്രാന്റിനത്തിൽ നൽകേണ്ടതാണെന്ന് സമിതി കരുതുന്നു. നടപ്പുവർഷം ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ നൽകി തുടങ്ങേണ്ടതിനാൽ, നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് അധികതുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിന് ധന വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. [പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ 7-4-2017 ലെ 2756/എം.ഡബ്ല്യു.1/2016/പൊ.ഭ.വ. നമ്പർ കത്ത്.]

ശിപാർശ

4225-04-190-99—കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുള്ള ഷെയർ ക്യാപിറ്റൽ

പ്രഖ്യാപിക്കപ്പെട്ട വിവിധ പണികളിലേക്ക് കൂടുതൽ വായ്പാ ധനസഹായം നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് അധികതുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിന് ധന വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. [പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ 7-4-2017-ലെ 2756/എം.ഡബ്ല്യു.1/2016/പൊ.ഭ.വ. നമ്പർ കത്ത്.]

ശിപാർശ

2225-04-102-91-36—ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം

ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുള്ള ചെലവ്, മെമ്പർമാർക്ക് ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ഇനങ്ങളിലുള്ള എല്ലാ ചെലവുകളും വഹിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 28,30,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് അധിക തുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിന് ധനവകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. [പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ 7-4-2017-ലെ 2756/എം.ഡബ്ല്യു.1/2016/പൊ.ഭ.വ. നമ്പർ കത്ത്.]

ശിപാർശ

2225-04-102-91-31—ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളം

ശമ്പള പരിഷ്കരണം, ഡി.എ. വർദ്ധനവ്, വാർഷിക വർദ്ധനവ്, ടി.എ./ഡി.എ. ഇനത്തിലുള്ള ചെലവുകൾ എന്നിവ വഹിക്കുന്നതിന് നിലവിലുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 40,65,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് അധിക തുക റീ-അപ്രോപ്രിയേഷൻ/അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുന്നതിന് ധന വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. [പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ 7-4-2017-ലെ 2756/എം.ഡബ്ല്യു1/2016/പൊ.ഭ.വ. നമ്പർ കത്ത്.]

**ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്**

ശിപാർശ

2515-00-101-65—നിർമ്മൽ ഭാരത് അഭിയാൻ

കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ ശീർഷകത്തിലേക്ക് 227,11,18,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേന്ദ്രവിഹിതത്തിനാനുപാതികമായാണ് സംസ്ഥാനവിഹിതം വകയിരുത്തി റിലീസ് ചെയ്യുന്നത്. 136.50 കോടി കേന്ദ്രവിഹിതവും 90.60 കോടി സംസ്ഥാന വിഹിതവും SDG യിലൂടെ അധികമായി അനുവദിക്കണമെന്ന് സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ഈ തുക മുഴുവനായും അനുവദിച്ചില്ല. പകരം ഈ ശീർഷകത്തിലെ 100 കോടിയിൽ നിന്നും 14.6831 കോടി re-appropriation വഴി നിർമ്മൽ ഭാരത് അഭിയാൻ-ന്റെ SCP/TSP ശീർഷകങ്ങളിലേക്ക് മാറ്റുകയും SDG March 2017-ൽ 53.1637 കോടി അധികമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. അതായത് 38.4806 കോടി [(100-14.6831 + 53.1637)-100] ഈ ശീർഷകത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതമായി അധികമായി അനുവദിച്ചു. സാമ്പത്തിക വർഷാവസാനം കേന്ദ്രം 98 കോടി കേന്ദ്ര വിഹിതമായി റിലീസ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആ തുകയും ആനുപാതിക സംസ്ഥാന വിഹിതമായ 65 കോടിയും അനുവദിക്കുന്നതിന് ശിപാർശ ലഭിച്ചെങ്കിലും 2016-17-ൽ ഈ തുകകൾ അനുവദിക്കാൻ കഴിഞ്ഞില്ല.

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-5-2016-ലെ 195/എഫ്.എം.2/2016/ത.സ്വ.ഭ.വ. നമ്പർ കത്ത്.)

<u>ശിപാർശ</u>

4515-00-800-98(02)—<u>പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള ധനസഹായം (സംസ്ഥാനവിഹിതം)</u>

സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിലേയ്ക്ക് 84,00,00,000/- രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2015-2016 വർഷത്തെ കേന്ദ്രവിഹിതത്തിനാനുപാതികമായി തൻവർഷം റിലീസ് ചെയ്യേണ്ടിയിരുന്ന 98.406 കോടിയടക്കം ആകെ 154.433 കോടി രൂപ 2016-2017 സാമ്പത്തികവർഷത്തിൽ Final SDG വഴി അനുവദിക്കണമെന്ന് ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും SDG March 2017 മുഖേന ഈ ശീർഷകത്തിൽ 35.9247 കോടി രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഇത് കഴിഞ്ഞ വർഷം ട്രഷറിയിൽ നിന്നും മാറ്റുവാൻ കഴിയാതിരുന്ന ബിൽതുക മാറുന്നതിനുവേണ്ടിമാത്രം അധികമായി അനുവദിച്ച തുകയാണ്. ഇപ്രകാരം ആകെ വകയിരുത്തിയ 105.92 കോടി റിലീസ് ചെയ്തിട്ടുണ്ട്.

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-5-2016-ലെ 195/എഫ്.എം.2/2016/ത.സ്വ.ഭ.വ. നമ്പർ കത്ത്.)

ശിപാർശ

4515-00-800-98(03)—പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം (അധിക സംസ്ഥാന വിഹിതം)

സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിലേക്ക് 81 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം പര്യാപ്തമാണെന്ന് പിന്നീട് വിലയിരുത്തിയതിനാൽ അധികമായി തുക ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേക്ക് ശിപാർശ നൽകിയില്ല എന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-5-2016-ലെ 195/എഫ്.എം.2/2016/ത.സ്വ.ഭ.വ. നമ്പർ കത്ത്.)

## ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ

3451-00-101-31—പിന്നോക്ക പ്രദേശ ധനസഹായനിധി

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേക്ക് 21,31,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

ത്രിതല പഞ്ചായത്തുകൾ അവരുടെ പദ്ധതി വിഹിതത്തിൽനിന്നും തുകകൾ ചെലവഴിച്ചതിനാൽ പിന്നീടുള്ള വിലയിരുത്തലിൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ അധിക തുക സർക്കാരിൽ നിന്നും ആവശ്യപ്പെട്ടില്ല എന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

*(തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-5-2016-ലെ 195/എഫ്.എം.2/2016/ത.സ്വ.ഭ.വ.* നമ്പർ കത്ത്.)

## ധനാഭ്യർത്ഥന നമ്പർ XXXVI—ഗ്രാമവികസനം

2515-00-003-50—ഗ്രാമസേവക പരിശീലന കേന്ദ്രങ്ങൾ

06—വാടക, കരം, നികുതി

കെട്ടിട നികുതിയിനത്തിലെ കടിശ്ശിക ഉൾപ്പെടെയുള്ള ചെലവിനങ്ങൾക്കായി ഈ ശീർഷകത്തിലേക്ക് 4,78,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ നിന്നും 4,78,000 അധികമായി ചെലവ് ചെയ്യുന്നതിനുള്ള അനുമതി (authorization for additional expenditure) ലഭിക്കുകയും 4,73,472 ചെലവഴിക്കുകയും ധനപുനർവിനിയോഗംവഴി ചെലവ് ക്രമീകരിക്കുകയും ചെയ്തു.

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-5-2016-ലെ 195/എഫ്.എം.2/2016/ത.സ്വ.ഭ.വ. നമ്പർ കത്ത്)

ശിപാർശ

2501-01-196-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്, ഡി.ആർ.ഡി.എ യുടെ ഭരണ ചെലവ്

കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ ശീർഷകത്തിലേക്ക് 5,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (കേന്ദ്രവിഹിതം 3 കോടി + സംസ്ഥാന വിഹിതം 2 കോടി).

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്രവിഹിതത്തിനാനുപാതികമായാണ് സംസ്ഥാനവിഹിതം വകയിരുത്തി റിലീസ് ചെയ്യുന്നത്. 5.30 കോടി കേന്ദ്രവിഹിതമായി ലഭിക്കുകയും അതിന് ആനുപാതികമായി 4.489 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തു. (0.489 കോടി റീ- അപ്രോപ്രിയേഷൻ) അധിക കേന്ദ്ര വിഹിതമായി 2.4853 കോടി കേന്ദ്രം സാമ്പത്തിക വർഷാവസാനം മാത്രം റിലീസ് ചെയ്തതിനാൽ 2016-2017 സാമ്പത്തികവർഷം കേന്ദ്രവിഹിതവും ആനുപാതിക സംസ്ഥാന വിഹിതവുമായി 2.4853 കോടി വീതം ബജറ്റിൽ ഉൾപ്പെടുത്തി റിലീസ് ചെയ്യാൻ കഴിഞ്ഞില്ല. ഈ തുകകൾ 2017-2018 വർഷത്തെ വിഹിതത്തിൽ നിന്നും റിലീസ് ചെയ്തിട്ടുണ്ട്.

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-5-2016-ലെ 195/എഫ്.എം.2/2016/ത.സ്വ.ഭ.വ. നമ്പർ കത്ത്.)

ശിപാർശ

2515-00-102-79-34—ഗ്രാമവികസനത്തിനു വേണ്ടിയുള്ള സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ

കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ ശീർഷകത്തിലേക്ക് 23,44,000 (11,72,000 + 11,72,000) രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്രവിഹിതത്തിനാനുപാതികമായാണ് സംസ്ഥാനവിഹിതം വകയിരുത്തി റിലീസ് ചെയ്യുന്നത്. ബജറ്റിൽ വകയിരുത്തിയ കേന്ദ്രവിഹിതം മുഴുവനായും കേന്ദ്രം റിലീസ് ചെയ്യാഞ്ഞതിനാൽ ബജറ്റ് വിഹിതത്തിന് ഉപരിയായി കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ വകയിരുത്തുന്നതിന് സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായില്ല എന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-5-2016-ലെ 195/എഫ്.എം.2/2016/ത.സ്വ.ഭ.വ. നമ്പർ കത്ത്)

ശിപാർശ

2515-00-102-37—പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന

കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ 66,64,00,000 (39,98,40,000 + 26,65,60,000) രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്ര വിഹിതത്തിന് ആനുപാതികമായാണ് സംസ്ഥാന വിഹിതം വകയിരുത്തി റിലീസ് ചെയ്യുന്നത്. ബജറ്റിൽ കേന്ദ്ര വിഹിതമായി വകയിരുത്തിയിരുന്ന 45 കോടിയിൽ 15.38 കോടി മാത്രമാണ് ലഭിച്ചത്. അതിന് ആനുപാതികമായി സംസ്ഥാനവിഹിതമായി വകയിരുത്തിയിരുന്ന 30 കോടിയിൽ നിന്നും 13.226 കോടി സംസ്ഥാന വിഹിതം റിലീസ് ചെയ്യുകയും ചെയ്തു. അതിനാൽ ബജറ്റ് വിഹിതത്തിനുപരിയായി കേന്ദ്രസംസ്ഥാന വിഹിതങ്ങൾ വകയിരുത്തുന്നതിന് സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായില്ല എന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-5-2016-ലെ 195/എഫ്.എം.2/2016/ത.സ്വ.ഭ.വ. നമ്പർ കത്ത്.)

## ഭാഗം II

2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൽ ആകെ 73 ശിപാർശകളാണുണ്ടായിരുന്നത്. അതിൽ 21 ശിപാർശകൾക്കുള്ള മറുപടി സർക്കാരിൽ നിന്ന് ലഭിച്ചു 52 ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭിക്കാനുണ്ട്.

സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്:

| വകുപ്പ് | ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടില്ലാത്ത ശിപാർശകൾ/ ഖണ്ഡികകൾ |
|---|---|
| നഗരവികസനം | 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12 (12 എണ്ണം) |
| പഞ്ചായത്ത് | 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27 (15 എണ്ണം) |
| സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും വകുപ്പ് | 36, 37, 38, 39, 40 (5 എണ്ണം) |
| ഭവനനിർമ്മാണ വകുപ്പ് | 50, 51, 52, 53, 54, 57, 58, 61, 62, 63, 64, 65, 66, 67, 68, 69, 70, 71, 72, 73 (20 എണ്ണം) |

**ഡോ. കെ. ടി. ജലീൽ,**
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2017 മേയ്, 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.